**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5030** **11-08-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന കാർഡിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 8386 അപേക്ഷകൾ. താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. താലൂക്ക് -- അപേക്ഷകളുടെ എണ്ണം കാസർഗോഡ് - 1520 ഹോസ്ദുർഗ്ഗ് - 3003 വെള്ളരിക്കുണ്ട് - 498 മഞ്ചേശ്വരം - 3365 ആകെ - 8386 |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (ബി) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ